**DCETVM/222/2025-C4**

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
വികാസ്ഭവൻ ,തിരുവനന്തപുരം
തിയതി :17-03-2025

## പരിപത്രം

വിഷയം : കോളേജ് വിദ്യാഭ്യാസ വകുപ്പ് ,തിരുവനന്തപുരം - അനധ്യാപക ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം -സ്പാർക്ക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത് സംബന്ധിച്ച കർശനനിർദേശം നൽകുന്നത് സംബന്ധിച്ച് -

2025 വർഷത്തിലെ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അനധ്യാപക ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ ആയി സ്പാർക്ക് മുഖേന നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി എല്ലാ സ്ഥാപനമേധാവികളും തങ്ങളുടെ സ്ഥാപനത്തിലെ അനധ്യാപകജീവനക്കാരുടെ, ഹോംസ്റ്റേഷൻ, ഡി ആർ ബി , അവധി വിവരങ്ങൾ, ശൂന്യവേതനാവധി വിവരങ്ങൾ , ഡെപ്യൂട്ടേഷൻ, സേവന ക്രമീകരണം, അച്ചടക്ക നടപടി വിവരങ്ങൾ, വിരമിക്കൽ വിവരങ്ങൾ ഉൾപ്പെടെ യുള്ള എല്ലാ സേവന വിവരങ്ങളും, ഒരോ സ്ഥപനത്തിലെയും ഒരോ അനധ്യാപക തസ്തികയുടെ കേഡർ strength എന്നിവ സേവന പുസ്തകവും മറ്റ് രേഖകളും പരിശോധിച്ച് കൃത്യതയോടെ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്തു 25.03.2025 നു മുൻപായി വെരിഫൈ ചെയ്യേണ്ടതാണ് .

നിശ്ചിത സമയപരിധിയ്ക്കുള്ളിൽ ജീവനക്കാരുടെ കൃത്യമായ വിവരങ്ങൾ സ്പാർക്കിൽ അപ്ഡേറ്റ് ചെയ്യാത്തതുമൂലം ജീവനക്കാർക്ക് ഈ പൊതുസ്ഥലമാറ്റത്തിന് അപേക്ഷിക്കാൻ സാധിക്കാതെയോ /അർഹമായ സ്ഥലംമാറ്റം ലഭിക്കാതെ വരികയോ ചെയ്താൽ ആയതിന് അതത് ഡി.ഡി.ഒ, ജീവനക്കാരൻ മാത്രമായിരിക്കും ഉത്തരവാദി. ഇത്തരത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും .

Signed by
Satheesh S
Date: 17-03-2025 15:38:07

**Satheesh S**

**SENIOR ADMINISTRATIVE OFFICER**

പകർപ്പ്

വകുപ്പിന് കീഴിലെ എല്ലാ ഡി ഡി ഒ മാർക്കും